## പാഠം 13

# വിവാഹം

### I. കുട്ടികൾ സ്വന്തമാക്കേണ്ടവ

**a) ബോധ്യങ്ങൾ**

1. ആദ്യകുടുംബം സ്ഥാപിച്ചത് ദൈവമാണ്.
2. വിവാഹം ഒരു കൂദാശയാണ്.
3. ദൈവത്തിന്റെ പ്രതിനിധികളാണ് മാതാപിതാക്കൾ.

**b) മനോഭാവങ്ങൾ**

1. ദൈവസ്ഥാപിതമായ കുടുംബത്തിൽ അംഗങ്ങളായതിൽ അഭിമാനിക്കണം.
2. മാതാപിതാക്കളെ നൽകിയ ദൈവത്തിന് നന്ദി പറയണം.

**c) ശീലങ്ങൾ**

1. മാതാപിതാക്കളെ അനുസരിക്കും.
2. മാതാപിതാക്കൾക്കുവേണ്ടി ദിവസവും പ്രാർത്ഥിക്കും.
3. കുടുംബത്തിൽ മാതാപിതാക്കളെ അനുസരിച്ചും സ്നേഹിച്ചും ബഹുമാനിച്ചും ജീവിക്കും.

### II. ബോധനോപാധികൾ

വി. ഗ്രന്ഥം, വിവാഹഫോട്ടോ, കുടുംബചിത്രങ്ങൾ, തിരുക്കുടുംബത്തിന്റെ ചിത്രം.

### III. പാഠാവതരണം

കുട്ടികൾ കുടുംബാംഗങ്ങളുടെ പേരുകൾ എഴുതട്ടെ. തുടർന്ന് സ്വന്തം കുടുംബത്തെക്കുറിച്ച് സംസാരിക്കാൻ ചിലർക്ക് അവസരം നൽകാം. പിന്നീട് തിരുക്കുടുംബത്തിന്റെ ചിത്രം കാണിക്കാം - ഇങ്ങനെ പാഠഭാഗത്തേക്ക് പ്രവേശിക്കാം.

### IV. പാഠബന്ധിത പ്രവർത്തനങ്ങൾ

**നമുക്കു പ്രവർത്തിക്കാം**

ഈശോ നൽകിയ അനുഗ്രഹങ്ങൾ എഴുതിയത് വായിപ്പിക്കാം.

**നമുക്ക് ഉത്തരം കണ്ടെത്താം**

1. പേജ് 76 ബോക്സ്.
2. പേജ് 76 മൂന്നാം ഖണ്ഡിക.
3. പേജ് 76 അവസാന ഖണ്ഡിക.
4. പേജ് 77 ആദ്യ ഖണ്ഡിക.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

1. കുടുംബാംഗങ്ങളുടെ നന്മകൾ കുട്ടികൾ എഴുതട്ടെ.
2. പ്രഭാഷകൻ 3-ാം അധ്യായം - മാതാപിതാക്കളോടുള്ള കടമകൾ വായിക്കട്ടെ.